# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജനവരി 30

# വാർത്താക്കുറിപ്പ്

## മഹാത്മാഗാന്ധി സർവകലാശാല കലോത്സവം

## 'അലത്താള്'ത്തിന് ലോഗോ ക്ഷണിച്ചു

ഫെബ്രുവരി 28 മുതൽ മാർച്ച് നാലുവരെ കോട്ടയത്ത് നടക്കുന്ന മഹാത്മാഗാന്ധി സർവകലാശാല കലോത്സവം 'അലത്താള്'ത്തിന് ലോഗോ ക്ഷണിച്ചു. തുഴയെറിഞ്ഞ് കേരളത്തെ പ്രളയത്തിൽനിന്ന് കൈപിടിച്ചുയർത്തിയ മത്സ്യത്തൊഴിയാളികൾക്ക് സ്നേഹാദരവ് പ്രകടിപ്പിച്ചാണ് അലത്താളം എന്ന് പേരിട്ടിരിക്കുന്നത്. ലോഗോ ഫെബ്രുവരി രണ്ടിനകം mguniversityunion2017@gmail.com എന്ന ഇ-മെയിലിലേക്ക് അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 8606501203.

(പി.ആർ.ഒ./39/175/2019)

### അപേക്ഷ തീയതി

ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (പഴയ സ്കീം - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ സ്പെഷൽ മേഴ്സി ചാൻസ് ഫീസായി 5000 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം. പിഴയില്ലാതെ ജനവരി 31 വരെയും 500 രൂപ പിഴയോടെ ഫെബ്രുവരി ഒന്ന് വരെയും 1000 രൂപ സൂപ്പർഫൈനോടെ രണ്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/176/2019)

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി ആറു മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/177/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്/ഫുഡ് സയൻസ് ആന്റ് ടെക്നോളജി/ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി നാലു മുതൽ അതത് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/178/2019)

### പരീക്ഷ അപേക്ഷകൾ കൺട്രോളർക്ക് അയയ്ക്കണം

മഹാത്മാ ഗാന്ധി സർവകലാശാലയിലേക്ക് അയയ്ക്കുന്ന പരീക്ഷ സംബന്ധിച്ച അപേക്ഷകൾ 'പരീക്ഷാ കൺട്രോളർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560' എന്ന വിലാസത്തിൽ മാത്രമേ അയയ്ക്കാവൂ എന്ന് രജിസ്ട്രാർ അറിയിച്ചു. കോളേജുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

(പി.ആർ.ഒ./39/179/2019)

### പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ എം.സി.എ. (2015 അഡ്മിഷൻ റഗുലർ, 2011-2014 അഡ്മിഷൻ സപ്ലിമെന്ററി, ലാറ്ററൽ എൻട്രി - 2016 അഡ്മിഷൻ റഗുലർ, 2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/180/2019)

2017 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ, 2018 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്‌സി. കളിനറി ആർട്സ് ആന്റ് കാറ്ററിംഗ് ടെക്നോളജി (സി.ബി.സി.എസ്.എസ്. - മോഡൽ I - 2015 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/181/2019)

2018 മെയിൽ ഗാന്ധി നഗർ എസ്.എം.ഇ. ഗാന്ധിനഗർ, മണിമലക്കുന്ന്, തലപ്പാടി എന്നിവിടങ്ങളിൽ നടന്ന രണ്ടാം വർഷ ബി.എസ്‌സി. എം.എൽ.ടി. (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/182/2019)

## എം.ജി.യിൽ ഗാന്ധിജി രക്തസാക്ഷിത്വ ദിനാചരണം

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 71-ാമത് രക്തസാക്ഷി ദിനാചരണം സംഘടിപ്പിച്ചു. ഗാന്ധി സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചനയോടെയായിരുന്ന പരിപാടികൾക്ക് തുടക്കം.

ഗാന്ധിയൻ ദർശനങ്ങളുടെ ആനുകാലിക പ്രസക്തിയെക്കുറിച്ച് പ്രമുഖ ഗാന്ധിയൻ ചിന്തകൻ ഡോ. ജോസഫ് മാത്യു പ്രഭാഷണം നടത്തി. പ്രതികരണമല്ല, പ്രതിസ്പന്ദനമാണ് ഗാന്ധിയൻ ദർശനത്തിൽ നിന്നും ഉൾക്കൊള്ളേണ്ട സന്ദേശമെന്ന് അദ്ദേഹം പറഞ്ഞു. ഡോ. പി. പി. നൗഷാദ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ബിജു ലക്ഷ്മണൻ, ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. നിഷ വേലപ്പൻ, സ്മിത, സജീവ് മാത്യു, സി. കെ. ഉദയകുമാർ എന്നിവർ പ്രസംഗിച്ചു.

രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് സർവകലാശാലയ്ക്ക് കീഴിലുള്ള പഠനവകുപ്പുകളിലും ഓഫീസുകളിലും രാവിലെ 11ന് രണ്ടുമിനിട്ട് മൗനാചരണം നടന്നു.

(പി.ആർ.ഒ./39/183/2019)

## ഭിന്നശേഷി സംയോജിത ദുരന്ത നിവാരണം;
## പരിശീലന പരിപാടി ആലപ്പുഴയിൽ

ഭിന്നശേഷിയുള്ള വ്യക്തികൾക്കായി മഹാത്മാ ഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 'ഭിന്നശേഷി സംയോജിത ദുരന്ത നിവാരണവും പ്രഥമ ശുശ്രൂഷയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടി ആലപ്പുഴയിൽ തുടങ്ങി. ആലപ്പുഴ ജനറൽ ആശുപത്രി സെമിനാർ ഹാളിൽ ജില്ലാ കളക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്തു. ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർ പി. എസ്. സ്വർണ്ണമ്മ, ഷൈലകുമാർ, ആര്യ ബൈജു , പി.ടി. വർഗീസ്, ഡോ. എൻ.എൻ. ഹേന, ശരത് കുമാർ എന്നിവർ പ്രസംഗിച്ചു. ഡോ. പി.ടി. ബാബുരാജ്, ഡോ. അനില കുമാരി, ഡോ. രാധാകൃഷ്ണൻ എന്നിവർ ക്ലാസെടുത്തു. പരിശീലന പരിപാടി ഇന്ന് (ജനുവരി 31) അവസാനിക്കും.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ സാമൂഹിക നീതി വകുപ്പുമാണ് പരിപാടിയുടെ സംഘാടകർ.

(പി.ആർ.ഒ./39/184/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 'ഭിന്നശേഷി സംയോജിത ദുരന്ത നിവാരണവും പ്രഥമ ശുശ്രൂഷയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടി ആലപ്പുഴ ജനറൽ ആശുപത്രി സെമിനാർ ഹാളിൽ ജില്ലാ കളക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ